**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1361** **07-02-2023 - ൽ മറുപടിയ്ക്ക്**

**എൽ.എസ്.എസ്. - യു.എസ്.എസ്. സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൽ.എസ്.എസ്. - യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യഥാവർഷം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കോളർഷിപ്പ് തുകയും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഫണ്ട് ലഭ്യതയനുസരിച്ച് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 വരെയുള്ള കാലയളവിലെ സർട്ടിഫിക്കറ്റുകൾ ഡയറ്റ് മുഖേനയും 2020-21 ലെ എൽ.എസ്.എസ്/ യു.എസ്.എസ് സർട്ടിഫിക്കറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേനയും വിതരണം ചെയ്തിട്ടുള്ളതാണ്. 2021-22 വർഷത്തെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | ഏത് വർഷം മുതലുള്ള സ്കോളർഷിപ്പ് തുകയാണ് വിതരണം ചെയ്യാൻ കുടിശ്ശിക ഉള്ളതെന്ന് അറിയിക്കുമോ; ആയത് സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **2019-2020, 2020-2021, 2021-2022 എന്നീ കാലയളവുകളിലെ സ്കോളർഷിപ്പ് തുക ഭാഗീകമായി വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തീർക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ